ആദികേരളവും നവകേരളവും -രണ്ടു യജ്ഞങ്ങളുടെ കഥ

ഫാ. ഡോ. കെ. എം. ജോർജ്ജ്

ആദികേരളത്തിന്റെ വേരുകൾ നമ്മുടെ പുരാണേതിഹാസങ്ങളിലാണ്. കേരളോൽപ്പത്തി തേടുന്നവർ ചെന്നെത്തുക പരശുരാമ കഥയിലാണ്. 'പരശു' എന്നാൽ മഴു എന്നർത്ഥം. മഴുവേന്തിയ രാമനാണ് പരശുരാമൻ. അതാണ് അദ്ദേഹത്തിന്റെ സ്വത്വം (identity). ജമദഗ്നി മഹർഷിയുടെയും രേണുകയുടെയും പുത്രനായ രാമൻ ഇതിഹാസപുരുഷനാകുന്നത് ഒരു വംശഹത്യയിലൂടെയാണ്. ബ്രാഹ്മണരും ക്ഷത്രിയരും തമ്മിലുണ്ടായ അധികാരമൽസരത്തിന്റെ പശ്ചാത്തലത്തിൽ ക്ഷത്രിയരെ മുഴുവൻ കൊന്നൊടുക്കാൻ രാമന് ഉപകരണമായത് ശിവന്റെ വരദാനമായ മഴുവാണ്. സ്വന്തം പിതാവിന്റെ ആജ്ഞ അനുസരിച്ച് ഒരിക്കൽ മാതൃഹത്യയും പിന്നെ മറ്റൊരിക്കൽ സ്വന്തം പിതാവിന്റെ മാനം കാക്കാൻ ക്ഷത്രിയ നിഗ്രഹവും നടത്തിയ പരശുരാമൻ അവസാനം തന്റെ പാപങ്ങൾക്കു പരിഹാരമായി രക്തരൂഷിതമായ ആ ആയുധം വലിച്ചെറിയുന്നു. മഹാസംഹാരത്തിന്റെ പ്രതീകമായിരുന്ന മഴു കടലിന് മുകളിലൂടെ വലിച്ചെറിഞ്ഞത് ഒരു മഹാസൃഷ്ടിക്കു വേണ്ടിയായിരുന്നു. ആ സൃഷ്ടിയാണ് അസ്ഥിരതയുടെ പ്രതീകമായ കടലിൽ നിന്നുയർന്നുവന്ന കേരളം. ഒരു മഹാപരാധം ചെയ്തതിന്റെ കുറ്റബോധം ഏറ്റം സർഗ്ഗാത്മകമായി പ്രായശ്ചിത്തം തേടിയപ്പോൾ ഒന്നുമില്ലായ്മയിൽ നിന്ന് ഒരു മനോഹരസൃഷ്ടി ജനിക്കുന്നു. കുറ്റബോധവും സർഗ്ഗശേഷിയും തമ്മിലുള്ള ഈ ബന്ധം എന്നുമൊരു മനശ്ശാസ്ത്ര സമസ്യയാണ്.

ഒരു പുതിയ സാമൂഹ്യ ക്രമവും മാനുഷിക സംസ്കാരവും നമ്മുടെ കേരളത്തിലും വിശാലമായ ഭാരതത്തിലും ലോകത്തിലും സൃഷ്ടിക്കാൻ പുതിയ സ്നേഹയജ്ഞങ്ങൾ ആവശ്യമായി വരുന്നു.

മതങ്ങളും രാഷ്ട്രീയ ചേരികളും കുപ്പിച്ചീളുകൾ തറച്ച് ഉയർത്തിക്കെട്ടിയ മതിലുകൾക്കപ്പുറം പ്രളയഭീഷണിയിൽ നിസ്സഹായരായി തേങ്ങുന്ന മനുഷ്യരുടെ ഞരക്കങ്ങളും നിലവിളികളുമാണ് ഇവിടെ യാഗമന്ത്രങ്ങളാകേണ്ടത്.

തനിക്ക് സ്വത്വബോധവും ഐതിഹാസിക പ്രശസ്തിയും നേടിക്കൊടുത്ത മഴുവെറിഞ്ഞ് പരശുരാമൻ വെറും രാമനായി. ആയുധമെറിഞ്ഞ് കളഞ്ഞ് നിരായുധനും സാത്വികനുമായ പരശുരാമൻ തന്റെ ഇതഃപര്യന്തമുള്ള സ്വത്വത്തെ സ്വയം നിഷേധിച്ചു. മനുഷ്യർക്കായി ഭൂമി സൃഷ്ടിച്ച്, മഹേന്ദ്രഗിരിയിൽ മോക്ഷാർത്ഥിയായി തപസ്സനുഷ്ഠിച്ചു. ഇവിടെയൊരു ത്യാഗമുണ്ട്. ഇതൊരു യജ്ഞമാണ്. കേരളോൽപ്പത്തിയുടെ ഈ പശ്ചാത്തല കഥ പ്രതീകാത്മകമായി സൂചിപ്പിക്കുന്നത് ഒരു ശാന്തിയജ്ഞത്തെയാണ്. സ്വയം ത്വജിക്കുന്ന ഒരു ആത്മയാഗം. ആയുധവും അക്രമവും കളഞ്ഞ് മനുഷ്യലോകത്തിൽ നീതിയും സമാധാനവും കൈവരുത്തുന്ന സൃഷ്ടിയജ്ഞം. നിഷേധാത്മകമായ കുറ്റബോധത്തെ മനുഷ്യനന്മയ്ക്കായി പരിവർത്തനം ചെയ്യുന്ന സൃഷ്ടികാമന.

വെള്ളത്തിൽ നിന്നുയർന്നുവന്ന കേരളം എല്ലാ മത-ജാതീയ-രാഷ്ട്രീയ വൈരങ്ങൾക്കപ്പുറം ശാന്തിഭൂമികയാകയാൽ വരം ലഭിച്ച നാടാണ്. നീതിയും സമത്വവും സൗഹൃദവും കരുതലും കളിയാടേണ്ട ദേശമാണിത്. ഒരു മഹാപ്രളയം ഈ ആദിസങ്കൽപ്പത്തെയും അതിനു പുറകിലുള്ള ശാന്തിയജ്ഞത്തെയും ഒരിക്കൽക്കൂടി നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇനി ചരിത്രാതീതമായ ഇതിഹാസ കഥയിൽ നിന്ന് കേരളത്തിന്റെ സമീപകാല ചരിത്രത്തിലേക്ക് ഒരു ചുവടുമാറ്റം നടത്താം. രണ്ടു കഥകളിലും പക്ഷേ പ്രതീകശേഷിയാണ് പ്രമുഖം എന്നു മറക്കരുത്. ആക്ഷരികതയിലേക്ക് അവയെ ശോഷിപ്പിക്കരുത്.

2018-ലെ മഹാപ്രളയത്തിൽ, ഹൃദയസ്പർശിയായ അനേകം രക്ഷാദൗത്യങ്ങൾ നാം കണ്ടു. ഒന്നുമാത്രം എടുത്തുപറയുന്നു. ജെയ്സൽ എന്ന മത്സ്യത്തൊഴിലാളിയായ ചെറുപ്പക്കാരൻ തന്റെ ശരീരം സ്വയം ഒരു ചവിട്ടുപടിയായി മാറ്റി പ്രളയജലത്തിൽ കിടന്നു. സ്ത്രീകളും കുഞ്ഞുങ്ങളും എല്ലാം ആ 'മനുഷ്യപുത്രന്റെ' പുറത്തു ചവിട്ടി വള്ളത്തിൽ കയറി. (ചിത്രം കാണുക) സ്വയം ത്യജിച്ച് ഒരു രക്ഷായജ്ഞം, നമ്മുടെ കൺമുൻപിൽ, കേരളത്തിന്റെ പുതിയ ചരിത്രത്തിൽ അരങ്ങേറി. മതവും ജാതിയും സ്ത്രീപുരുഷഭേദവും നോക്കാതെ എല്ലാ മനുഷ്യർക്കുമായി മഹാപ്രളയത്തിൽ രക്ഷയുടെ പാലമായി, സ്നേഹത്തിന്റെ ചവിട്ടുപടിയായി ഇതാ ഒരു മനുഷ്യൻ. നൂറുപേർ ചവിട്ടിയാൽ തകർന്നുപോകുന്നതായിരിക്കും ആ മനുഷ്യന്റെ നട്ടെല്ല്. ഭാര്യയും കുഞ്ഞുങ്ങളുമുള്ള ഒരു കുടുംബത്തിന്റെ അത്താണിയായ ഒരു ചെറുപ്പക്കാരൻ എല്ലാ മനുഷ്യരെയും തന്റെ കുടുംബമാക്കി. എല്ലാവർക്കുമായി സ്വയം നൽകി "ശരീരമാദ്യം ഖലുധർമ്മസാധനം" ഇതൊരു പുതിയ സ്നേഹയജ്ഞമാണ്. പ്രളയാനന്തര നവകേരളത്തിന്റെ ഉൽപ്പത്തികഥ ഇവിടെ തുടങ്ങണം. സമ്പത്തോ പ്രശസ്തിയോ ഒന്നും തേടിയല്ല ആ മനുഷ്യപുത്രൻ അത് ചെയ്തത്. അദ്ദേഹത്തെപ്പോലെ മറ്റനേകരും പല തരത്തിൽ ഈ സ്നേഹയാഗത്തിൽ പങ്കെടുത്തു. പുതിയ കേരളം ഒരിക്കലും മറക്കാതെ ഈ നവേതിഹാസവും ഹൃദയത്തിൽ സൂക്ഷിക്കണം.

ഭൗതികമായി എല്ലാം ഉണ്ടാക്കിവച്ച് അതിൽ അഭിരമിക്കുകയും, കനത്ത ഭിത്തികൾ കെട്ടി, ഗേറ്റുകൾ താഴിട്ടു പൂട്ടുകയും ചെയ്ത ഒത്തിരിപ്പേർക്ക് എല്ലാം നഷ്ടപ്പെട്ടു. ഒരു നിമിഷത്തിൽ തങ്ങളുടെ ജീവൻ മാത്രം തിരിച്ചുകിട്ടിയാൽ മതിയെന്ന് വരെ അവരാഗ്രഹിച്ചു. ഈ പശ്ചാത്തലത്തിലാണ് മുകളിൽ പ്രതീകരൂപേണ സൂചിപ്പിച്ച രണ്ടു യജ്ഞങ്ങളും നാം ഓർക്കേണ്ടത്. ഒരു പുതിയ സാമൂഹ്യക്രമവും മാനുഷിക സംസ്കാരവും നമ്മുടെ കേരളത്തിലും വിശാലമായ ഭാരതത്തിലും ലോകത്തിലും സൃഷ്ടിക്കാൻ പുതിയ സ്നേഹയജ്ഞങ്ങൾ ആവശ്യമായി വരുന്നു. ഐതിഹാസികമായി കടലിന്റെ അഗാധതയിൽ നിന്നുയർന്ന കേരളം, മഹാപ്രളയത്തിന്റെ കെടുതിയിൽ നിന്ന് ഉയർന്നുകൊണ്ടിരിക്കുന്ന കേരളം ഒരു പുതിയ യജ്ഞഭൂമികയായി മാറണം - സമാധാനത്തിന്റെ, സൗഹൃദത്തിന്റെ, പങ്കിടലിന്റെ, സുരക്ഷിതത്വത്തിന്റെ ഭൂമിക.

ഋഗ്വേദത്തിലെ പ്രസിദ്ധമായ വാക്യം ഓർക്കണം: "യജ്ഞോ ഭുവനസ്യ നാഭി" (Sacrifice is the navel of universe) ലോകത്തിന്റെ ചുഴിക്കുറ്റി യജ്ഞമാണ്.

അനുഷ്ഠാന പ്രധാനമായ യാഗങ്ങൾക്കതീതമായി, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സമത്വത്തിന്റെയും മഹാമനുഷ്യ യജ്ഞങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. മതങ്ങളും രാഷ്ട്രീയ ചേരികളും കുപ്പിച്ചീളുകൾ തറച്ച് ഉയർത്തിക്കെട്ടിയ മതിലുകൾക്കപ്പുറം പ്രളയഭീഷണിയിൽ നിസ്സഹായരായി തേങ്ങുന്ന മനുഷ്യരുടെ ഞരക്കങ്ങളും നിലവിളികളുമാണ് ഇവിടെ യാഗമന്ത്രങ്ങളാകേണ്ടത്. ഈശ്വരസന്നിധിയിൽ ആ നിലവിളികളെത്തുന്നു. മഴുവെറിഞ്ഞ് മനുഷ്യർക്കായി മണ്ണൊരുക്കിയ രാമൻ ഇതിഹാസത്തിലാണെങ്കിലും നട്ടെല്ലു വിടർത്തി മനുഷ്യർക്ക് ചവിട്ടുപരിയായ ജെയ്സൽ സമീപകാല ചരിത്രത്തിലാണെങ്കിലും പുതിയ മനുഷ്യരാശിക്കുവേണ്ടി സ്വയം യാഗമായി അർപ്പിക്കുന്നവരുടെ പ്രതീകങ്ങളാണ്. അത്തരം മനുഷ്യരെയാണ് ലോകം കാത്തിരിക്കുന്നത്. അവർ നമ്മുടെ പ്രത്യാശയും ലോകത്തിന്റെ ഭാവിയുമാണ്. പ്രളയാനന്തര കേരളം ഈ യജ്ഞസ്മരണയിലൂടെ ഒരു പുതിയ ജീവിതശൈലിയും സാമൂഹിക ക്രമവും ഉരുത്തിരിക്കട്ടെ.

"അയം യജ്ഞോ ഭുവനസ്യ നാഭി.' •